
mārggam
Digital Library of Christianity in India
www.marggam.com

RESOURCES FOR RESEARCHERS

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

# Ancient Songs of the Syrian Christians of Malabar
## മലയാളത്തെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകൾ


Ancient Songs
OF
THE SYRIAN CHRISTIANS OF MALABAR.
IHS
മലയാളത്തെ സുറിയാനിക്രിസ്ത്യാനികളുടെ
പുരാതനപാട്ടുകൾ.
പ്രസാധകൻ
പുത്തൻപുരയ്ക്കൽ ഉതുപ്പു ലൂക്കോസ്.
The Catholic Mission Press, Kottayam.
1966.
വില Rs. 2.
www.TheCMSIndia.org

| | |
|---|---|
| Call Number | RR-1377/WM |
| Title | Ancient Songs of the Syrian Christians of Malabar<br>മലയാളത്തെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകൾ |
| Topic | Ancient Songs of the Syrian Christians of Malabar (പുരാതനപ്പാട്ടുകൾ) |
| Author | P.U Lukose |
| Imrimatur | Thomas Tharayil (Bishop of Kottayam ) |
| Publisher/Year | Puthenpurakkal Uthuppu Lukose/1966 |
| Edition | 4th |
| Printed at | The Catholic Mission Press Kottayam |
| Total Pages | 245 |
| Language | Malayalam |
| Copyright | Author/Publisher |
| Contributor | Ann Lia Wilson |
| Key Words | #AncientSongsoftheSyrianChristiansofMalabar #SyrianChristiansofMalabar #AncientSongs #P.ULukose #PuthenpurekkalUthuppuLukose #Purathanappattukal #ThomasTharayil #BishopofKottayam #kottayam #TheCatholicMissionPressKottayam |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org

# Ancient Songs

OF

# THE SYRIAN CHRISTIANS OF MALABAR.

8683

IHS

മലയാളത്തെ സുറിയാനിക്രിസ്ത്യാനികളുടെ

# പുരാതനപാട്ടുകൾ.

പ്രസാധകൻ

പുത്തൻപുരയ്ക്കൽ ഉതുപ്പു ലൂക്കാസ്.

The Catholic Mission Press, Kottayam.

1966.

വില Rs. 2.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# Ancient Songs

OF

# THE SYRIAN CHRISTIANS OF MALABAR.

മലയാളത്തെ സുറിയാനിക്രിസ്ത്യാനികളുടെ

# പുരാതനപാട്ടുകൾ.

പ്രസാധകൻ

പുത്തൻപുരയ്ക്കൽ ഉതുപ്പ് ലൂക്കാസ്.

4–ാം പതിപ്പ്.

The Catholic Mission Press, Kottayam.
1966.

(Copy Right Reserved)

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# വൈദികാനുമതി

നി. വ. ദി. ശ്രീ കോട്ടയം രൂപതയുടെ തറയിൽ
തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലേക്ക്

അഭിവന്ദ്യ പിതാവേ,

"മലയാളത്തെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകൾ" എന്ന പുസ്തകത്തിന്റെ മൂന്നാമത്തെ പതിപ്പ് 1954-ൽ പ്രസിദ്ധീകരിച്ചതു മുഴുവൻ തീർന്നുപോയതുകൊണ്ട് അതിന്റെ നാലാമത്തെ പതിപ്പ് ആവശ്യമായി വന്നിരിക്കുകയാണ്. ഈ പുസ്തകം ഞാൻ ആദ്യന്തം പരിശോധിച്ചതിൽ സത്യവിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിരുദ്ധമായി ഇതിൽ യാതൊന്നും കണ്ടില്ലെന്നു മാത്രമല്ല, മലങ്കര ക്നാനായ സുറിയാനിസമുദായജനങ്ങളുടെ പാരമ്പര്യത്തെയും ചരിത്രത്തെയും സ്മരിക്കുന്നതിനും അവരുടെ വിവാഹ ചടങ്ങുകളിലുള്ള പൂർവികാചാര നടപടികളും ക്രമങ്ങളും നിലനിർത്തിക്കൊണ്ടുപോകുന്നതിനും ഈ പുസ്തകം വളരെ പ്രയോജനപ്പെടുമെന്നു കാണുന്നതിനാൽ ഇതിന്റെ നാലാം പതിപ്പ് അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്നതിന് അങ്ങേ അനുമതിയും ആശീർവാദവും ഉണ്ടാകണമെന്നപേക്ഷിച്ചുകൊള്ളുന്നു.

കോട്ടയം,
2 - 2 - 1966.

Rt. Rev. Mgr. C. J. Mattathil
Censor Deputatus.

IMPRIMATUR

✠ Thomas Tharayil
*Bishop of Kottayam*
2 - 2- '66.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# പരിശുദ്ധ പിതാവിന്റെ ആശീർവാദം.

EX AEDIBUS VATICANIS.
DIE 13 AUGUSTI 1911

SSMUS DOMINUS PIUS PP X.

Expetitam Apostolicam Benedictionem,
grati animi ergo, impertitus est,

(L. S.)

Joannes Bressan.
*Ab. Into Sac. S. S.*

(തർജ്ജമ)

വത്തിക്കാൻ അരമനയിൽ നിന്നു ,
1911 ആഗസ്റ്റ് 13.

## പത്താം പീയൂസ് മാർപ്പാപ്പാ

അപേക്ഷപ്രകാരം സസന്തോഷം ശ്ലീഹായ്ക്കടുത്ത
ആശീർവാദം നൽകുന്നു.

(മുദ്ര) യോഹന്നാൻ ബ്രസാൻ

തിരുമനസ്സിലെ പ്രൈവറ്റ് സാക്രി.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# വിഷയവിവരം


| | | പേജ്. |
|---|---|---|
| മുഖവുര | .... | i |
| മാക്കീൽ മാർ മത്തായി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് | .... | i |
| ചൂളപ്പറമ്പിൽ മാർ അലക്സന്ത്രയോസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് | | i |
| ബിഷപ്പ് ഡോക്ടർ തോമ്മസ് തറയിൽ തിരുമനസ്സുകൊണ്ടു് | | i |
| ബറുമറിയം | .... | ii |
| അറിഞ്ഞിരിക്കേണ്ട ചില വിവരങ്ങൾ | | v |
| ഇല്ലപ്പണ വിവരപ്പട്ടിക | .... | xii |

ഒന്നാം ഭാഗം

പെൺപാട്ടുകൾ

| | | |
|---|---|---|
| മാർത്തോമ്മാൻ | .... | 1 |
| മയിലാഞ്ചിപ്പാട്ടു് | .... | 2 |
| അന്തം ചാർത്തുപാട്ടു് | .... | 4 |
| നല്ലോരോരോശ്ലം | .... | 5 |
| മുന്നാംമലങ്കര | .... | 7 |
| ഇന്നു നീ ഞങ്ങളെ | .... | 8 |
| പന്തൽ പാട്ടു് | .... | 10 |
| മംഗല്യം വട്ടക്കളി | .... | 10 |
| അയനിപ്പാട്ടു് | .... | 12 |
| വാഴ്വുപാട്ടു് | .... | 13 |
| വാഴ്വു വട്ടക്കളി | .... | 14 |
| പൊന്നണിന്തീടം | .... | 14 |
| അടച്ചുതുറപ്പാട്ടു് | .... | 15 |
| എണ്ണപ്പാട്ടു് | .... | 16 |
| കുളിപ്പാട്ടു് | .... | 16 |
| മാർ എബ്രഹാം മെത്രാന്റെ പാട്ടു് | .... | 18 |
| ബാലയാലുള്ള വട്ടക്കളി | .... | 27 |



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

പേജ്.

ഒരു ഉപദേശം (വട്ടക്കളി) .... 29
ആദത്തിന്റെ വട്ടക്കളി .... 30
പൂർവ്വയൗസേപ്പിന്റെ വട്ടക്കളി .... 32
മൂശയുടെ വട്ടക്കളി .... 40
ചെറിയ തോബിയാസിന്റെ പാട്ട് .... 41
യൗനാൻനിവ്യായുടെ പാട്ട് .... 46
മാർ യോഹന്നാൻമാംദാനായുടെ പാട്ട് 47
വാടിമനം വട്ടക്കളി .... 56
കന്നി ഉമ്മായുടെ പാട്ട് .... 56
ശു. മറിയം മഗ്ദലേത്താ ഉമ്മായുടെ പാട്ട് 57
മിശിഹായുടെ പാട്ട് .... 58
പെസഹാ തിരുനാളിന്റെ പാട്ട് .... 60
വിധിചോദ്യം വട്ടക്കളി .... 64
എട്ടുനോമ്പിന്റെ പാട്ട് .... 66
ഒന്നായ നായൻ പാട്ട് .... 67
തണുദിവസം പാട്ട് .... 69

## പള്ളിപ്പാട്ടുകൾ.

കടുത്തുരുത്തി വലിയപള്ളിയുടെ പാട്ട് 70
കടുത്തുരുത്തി വലിയപള്ളിയുടെ കരിശിന്റെ പാട്ട് 72
കോട്ടയത്ത് വലിയപള്ളിയുടെ പാട്ട് 75
കോട്ടയത്ത് വലിയപള്ളിയുടെ കരിശിന്റെ പാട്ട് 79
ചുങ്കത്തിൽ പള്ളിയുടെ പാട്ട് .... 82
ചുങ്കത്തിൽപള്ളിയുടെ കരിശിന്റെ പാട്ട് 84
കല്ലിശ്ശേരി പള്ളിയുടെ പാട്ട് .... 87
പൈങ്ങോളത്തു പള്ളിയുടെ പാട്ട് .... 93
ഉഴവൂർ പള്ളിയുടെ പാട്ട് .... 95
പുന്നത്തുറ പള്ളിയുടെ പഴയ പാട്ട് .... 97
പുന്നത്തുറ പള്ളിയുടെ പുതിയ പാട്ട്.... 98
കൈപ്പുഴ പള്ളിയുടെ പാട്ട് .... 108
പിറവത്തു പഴയപള്ളിയുടെ പാട്ട് }
പിറവത്തു പുത്തൻപള്ളിയുടെ പാട്ട് } 118

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

പേജ്.

കോട്ടയത്ത് ഇടയ്ക്കാട്ട പള്ളിയുടെ പാട്ട് 126

രണ്ടാംഭാഗം

ആൺപാട്ടുകാരം }
വാഴുടെ നായൻ } .... 140

ആദത്തിന്റെ ചിന്ത് .... 140

യൗനാൻനിവ്യായുടെ ചിന്ത് .... 141

മാർ യോഹന്നാൻമാംദാനായുടെ ചിന്ത് 142

മിശിഹായുടെ ചിന്ത് .... 144

മാർ ഗീവറുഗീസ് സഹദായുടെ ചിന്ത് 145

നാല്പ പള്ളിയുടെ ചിന്ത് .... 146

കോട്ടയത്ത വലിയപള്ളിയുടെ കുരിശിന്റെ ചിന്ത് 150

കല്ലിശ്ശേരി പള്ളിയുടെ ചിന്ത് .... 151

ഉഴവൂർ പള്ളിയുടെ ചിന്ത് .... 152

കോട്ടയത്ത് ഇടയ്ക്കാട്ടപള്ളിയുടെ ചിന്ത് 154

കുമരകത്ത പുത്തൻപള്ളിയുടെ ചിന്ത് 155

കണ്ണങ്കര പള്ളിയുടെ ചിന്ത് .... 156

കല്യാണപാദങ്ങൾ .... 158

മാർഗ്ഗംകളിപ്പാട്ട് .... 161

മംഗളഗാനം .... 176

മൂന്നാം ഭാഗം

ചങ്ങനാശ്ശേരി പള്ളിയുടെ പാട്ട് .... 177

കോട്ടയത്ത ചെറിയപള്ളിയുടെ പാട്ട് 177

പുതുപ്പള്ളിപ്പള്ളിയുടെ പാട്ട് .... 182

മലയാറ്റൂർ കുരിശിന്റെ പാട്ട് 188

കുടവെച്ചൂർ കുരിശിന്റെ പാട്ട് .... 189

കല്ലൂർക്കാട്ട പള്ളിയുടെ ചിന്ത് .... 190

പരേതനായ റവ. ഫാദർ മാത്യു വട്ടക്കളം ബി. ഡി. 191

ക്നാനായസമുദായത്തിലെ കല്യാണത്തിനുള്ള ച }
ടങ്ങിയ നടപടികളും ചില വിശദീകരണങ്ങളും } 193

അഭിപ്രായങ്ങൾ .... 207

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

മലയാളത്തെ സുറിയാനി ക്രിസ്ത്യാനികളുടെ

# പുരാതനപാട്ടുകൾ.

## ഒന്നാംഭാഗം

## പെൺപാട്ടുകൾ.

### 1. മാത്തോമ്മാൻ

മത്തോമ്മാൻ നന്മയാലൊന്നു തുടങ്ങുന്നു
നന്നായ് വരേണമേയിന്നു്
ഉത്തമനായ മിശിഹാ തിരുവുള്ളം
ഉണ്മയെഴുന്നൾക. വേണം
കന്തീശാനായനെഴുന്നള്ളി വന്നിട്ടു്
കർപ്പൂരപ്പന്തലകമേ
കൈക്രുപ്പിനേൻ ഞാൻ പെററുവളത്തോരു
കന്നിമകളെ ഞാൻ നിന്നെ
തോളും തുടയും മുഖവും മണിമാറും
യോഗത്താലെ പരിശുദ്ധ്
എന്റെ മകളെ പരമേററിവയ്പോളം
എന്മനസ്സോ പതറുന്നു
നെല്ലുമാനീരും പരമേററി വെച്ചാറെ
എന്മനസ്സോ തെളിയുന്നു

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ചെമ്പകപ്പൂവിൻ നിറംചൊല്ലാം പെണ്ണിനു്
ചെമ്മേയരുൾപെററ പെണ്ണു്
പെണ്ണിനെ കണ്ടവരെല്ലാരും ചൊല്ലുന്നു
ഉലകിലിവൾക്കൊത്തോരില്ല
നല്ലൊരുനേരം മണക്കോലം പുക്കാറെ
നന്നായ്ക വേണമിതെന്നു്
കാരണമായവരെല്ലാരും കൂടീട്ടു്
നന്മവരുത്തിത്തരേണം
ആലാഹാനായനും അൻപൻ മിശിഹായും
കൂടെ തുണയ്ക്ക ഇവർക്കു്

2. മയിലാഞ്ചിപ്പാട്ടു്

മാറാനരുൾ ചെയ്തീലോകയന്നു നിറവേറി
ഏറിനൽഗുണങ്ങളെല്ലാം ഭൂമിമേലൊരേടം
ഒരുമയുടയോൻ പെരുമകൊണ്ടു കരുതി മൺപിടിച്ചു്
പിടിച്ച കരുവിലടക്കം നേടി പുറത്തു തുകൽ പൊതിഞ്ഞു്
തുകലകമേ ചോരനീരും എല്ലും മാംസധാതുക്കൾ
ഭൂതികൾക്ക വാതിലഞ്ചും നവദ്വാരങ്ങളായതും
രണ്ടൊടു നാലും നാലുവിരൽക്കു ചുവപ്പുനഖങ്ങൾ പത്തു്
പത്തുടയോൻറയകത്തുടയോനായ് കൊടുത്തുണർത്ത്യോരാത്മാവു്
ആത്മാവും കൊടുത്തു പേരുമിട്ടോരാദമെന്നു്
എന്നശേഷമിന്നിച്ചൊല്ലാമുന്നിനിങ്ങൾ കേൾപ്പിൻ

(രണ്ടാം പാദം)

ആദം മുതലായി മനുക്കളുണ്ടാകുവാൻ
ഉണ്ടാകവേണമിവനൊരു ഭാര്യ
ഭാര്യ ഉന്നി മയക്കിയോരാദത്തെ
ആദം മയങ്ങി എടുത്തോരു വാരി
വാരിമേൽ മണ്ണു പൊതിഞ്ഞതു നായൻ
നായകൻ മുന്നം ചമച്ചതുപോലെ
ചമഞ്ഞുടനാദവും ഭാര്യയുമന്നു്
അന്നവൻ കണ്ണിലുറക്കം കളഞ്ഞു്
കളവററ കന്നിയെ കണ്ണിന്നു കാട്ടി
കണ്ടുടനാദവും ഭാര്യയെന്നു്
കർത്താവേ ഒന്നൊണ്ടടിയൻ പറയുന്നു

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

## 10 വാഴ്‌പാട്ടു്

വാഴ്‌വെന്ന വാഴ്‌വ നിനക്കാകെ തന്നോൻ
നീയും നിൻ ഭർത്താവും മക്കളുംകൂടെ
കാലം പെരുതായ് വാണിട്ടിരിക്കണം
വാഴ്‌വാനഭ്രമീം ഫലമാകത്തന്നോൻ
പങ്കിട്ട നിൻ മക്കൾ കൊള്ളകയെന്നോകി
വീഴാതെ ശെൽവവും വിരിവുമതെല്ലാം
വിരിവാന വാഴ്‌വതെല്ലാം നിനക്കു്
വിത്താലിരട്ടിപ്പതെല്ലാം നിനക്കു്
അടിയാക്കടിമ കൊടുപ്പതും താനേ
അരുളാൽ പെരുമ കൊടുപ്പതും താനേ
തിരുവുള്ള മാന വഴിയെ നടപ്പാൻ
മുടി ചൂടുമാറു പെരുമ കൊടുത്തു്
ധനവതിയെന്ന ശ്രീയെക്കൊടുത്തു്
താനൊരു നന്ദിയുണർച്ചയും വെച്ചു്
കാരണോർ താൻ പെററ വാഴ്‌വതെല്ലാം
പെരിയോനരുളാലെ നിങ്ങൾക്കാകയെന്നു്
അപ്പോഴെ പെട്ടിയെടുത്തു തുറന്നു്
ആഭരണത്തെ പെരിയത്താൻ വാങ്ങി
ഉല്പനയ്ക്കൊത്ത മുറയാമപ്പൊന്നും
ഓരോന്നു നോക്കിത്തരംകണ്ടിട്ടവാറെ
ഇമ്പമായുള്ള വളകളുമിട്ടിട്ടു്
ഇപ്പോളെയ്ക്കിത്ര വേണ്ടുവതെന്തെന്നു്
ശില്പപ്പണിപ്പൊന്നുമൊക്കെയണിന്തോനെ
കല്പനയായുള്ള ഭർത്താവു മുന്നിൽ
കായമരമ്പോലെ നിന്നോനടിയൻ
കാണ്മാൻ കൊതിച്ചു പലനാളിരുന്നോൻ
നിന്നെ ഞാൻ പാലിലെ വെണ്ണ കണക്കെ
ദിവസവും നെഞ്ചിൽ കലർന്നങ്ങിരിക്കെ
പെൺപിള്ളേർ പാടുന്ന പാട്ടുകൾ കേട്ടിട്ടു്

---

കൂടെ ഇവിടെ വരികയും ചെയ്തു” (തിരുവിതാംകൂർ സ്റ്റേറ്റുമാന്വൽ രണ്ടാം പുസ്തകം 148-ാം പുറം) ഈ ഭാഗം മേൽ ചേർത്തിരിക്കുന്ന പാട്ടിനോടു യോജിക്കുന്നുണ്ടു്.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ആളു വിതാനത്തിന്മേൽ വെച്ചു തട്ടിട്ട്
നിന്നു പനിനീർ തളിപ്പതിനായ്ക്കൊണ്ടു
കല്പാന്തകാലത്തിലിന്ദ്രാദി കൈക്കൊണ്ടു
ഘോഷിച്ചു ഘോഷം തുടങ്ങിതവ്വണ്ണമെ
പഞ്ചുമൊരഞ്ചു ദിനമിടക്കൂടാതെ
സ്വൈരമേയുള്ള മോദാദികളൊക്കെയും
വെവ്വേറെയെന്തിനു ഞാൻ പറയുന്നിനി
റാഹുവേൽ കൂട്ടിയ സംഭാരജാലങ്ങൾ
ഒന്നും കുറയാതെ ചൊൽവാൻ പണി തുലോം
കാതം വഴിവെട്ടമൊക്കവെ ജ്വാലകൾ
തീർത്തുടൻ പട്ടാൽ വിതാനിച്ചു ചില്ലമായ്
പൌരജനാദികൾക്കൊക്കെയിരിപ്പാനായ്
ഒക്കെ നിയോഗിച്ചു നാലു ദിക്കിങ്കലും
ഓരോരോ ദിക്കിൽ നിന്നോരോരോ ബന്ധുക്കൾ
ആനന്ദമുൾക്കൊണ്ടു വന്നു തുടങ്ങിനാൻ
പല്ലക്കിലേറിയും തണ്ടിലെടുപ്പിച്ചും
പൊന്നണിഞ്ഞാനക്കഴുത്തിലും പിന്നെയും
വെള്ളക്കുതിരമേലും കഴുതയിലും
ഒട്ടകത്തിന്മേലും കാളക്കഴുത്തിലും
പൊണ്ണനാം ശൂരനാം പോത്തിൻ മുതുകിലും
ഇങ്ങനെയെട്ടു വിധമായി വാഹനം
ഏറി മഹാദാന സമ്പന്നരൊന്നിച്ചു
കോലാഹലംവരവെന്തു പറവതോ
പെരുമ്പറകൊട്ടിക്കൊണ്ടൊക്കെ മുഴക്കിനാൻ
നല്ല തകിലും മുരശും താളങ്ങളും
തപ്പോടു മദ്ദളം തമ്പേറും കുമ്മിട്ടം
കൊമ്പു കുഴലോടു താളവും ചിന്നവും
ദിക്കുമുഴക്കും പടഹധ്വനികളും
ഇത്തരം വാദ്യങ്ങളെത്ര നൂറായിരം
മററും പറകിൽ പകൽപോകുമേ തുലോം
ദിവ്യജനങ്ങൾ ചെവിയുമടച്ചിട്ട്
മേൽക്കുമേലൊക്കെ കുടയും പിടിപ്പിച്ചു
പിന്നെയും വന്നു ചേരുന്നു കോലാഹലാൽ

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

(ലയം മാററം)

പോകും വഴി നീളെയൊക്കെ വീണു മിശിഹായും
വീഴുന്നേരമൊക്കെ യൂദർതന്നെ തല്ലിപ്പൊക്കുന്നു
വഴിമദ്ധ്യത്തിൽ വേറോനിക്കായെന്ന സ്ത്രീ വന്നിട്ട്
തിരുമുഖം തൂവാലയാൽ തുടച്ചു ദുഃഖത്തോടെ
തൂവാലയിലത്ഭുതമായ് തിരുമുഖം പതിഞ്ഞു
ഏററം കഷ്ടപ്പെട്ടു താനും ഗാഗുൽത്തായിലെത്തി
തൻകുപ്പായമുരിഞ്ഞെടുത്തു ചിട്ടിയിട്ടു ഭാഗിച്ചു
ചിക്കനെ കുരിശതിന്മേൽ തന്നെയവർ തൂക്കി
കുരിശിന്നിരുവശത്തു രണ്ടു ചോരന്മാരേം തൂക്കി
കുരിശിൽവെച്ചു പല വാക്യങ്ങൾ താനങ്ങുച്ചരിച്ചു
ദാഹത്തിന്നായ് ചെറുക്കായവർ തന്നെ കുടിപ്പിച്ചു
തന്റെയമ്മ തന്നരികെ നിന്നുകരയുന്നു
വ്യാകുലത്താൽ ക്ഷീണിച്ചമ്മ കുരിശിന്നരികെ വീഴുന്നു.
ഇഷ്ട ശിഷ്യനായ യോഹന്നാനെ മകനായും
അമ്മയായി തന്റെ മാതാവിനെ യോഹന്നാനും
തമ്മിൽതമ്മിലേല്പിച്ചുകൊടുത്തതിന്റെ ശേഷം
തൻ ജീവനെ തൻ പിതാവിൻ തൃക്കയ്യിലേല്പിച്ചു
ഇങ്ങനെ മാനുഷരക്ഷ തികച്ചു മിശിഹായും.

## പെസഹാതിരുനാളിന്റെ പാട്ട്.

ആലാഹാനായനരുളപ്പാടാൽ
 ആദിയിലുള്ളോരവസ്ഥ ചൊൽവാൻ
ദുഃഖത്തെ ചൊല്ലി സ്തുതിച്ചിരിപ്പേൻ
 തുണയാകവേണം മിശിഹാനാഥൻ
ആദംപിഴപെട്ട മാനുഷർക്ക്
 ആകാശവാതിലടയപ്പെട്ടു
അരൂപിയാൽ വന്നു ജനിച്ചഴകാൽ
 അൻപിനാൽ മർത്തോംമറിയം തന്നിൽ
ബേതലയെന്ന മലംപുറത്തു
 വെളിവോടെ വന്നു പിറക്കപ്പെട്ടു
മുപ്പത്തുമൂന്നു വയസ്സിൻ മുമ്പെ
 മാനുഷരോടൊക്കെ ഭൂമിതന്നിൽ

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

കോപമോടാദത്തിൻ ശാപത്താലെ
പേയനായ്പ്പോയിതു കായേനന്ന്
ഹാബേൽ കുമാരനു തുല്യമായി
പുത്രനെ നൽകിതു നായകനും
മൂന്നാമതുണ്ടായ ശേതിനോട്
അൻപോടെ നായനരുളിച്ചെയ്തു
ശേതും തൻമക്കളും കായേൻ വഴിപാടും
തങ്ങളിൽ ബന്ധുത്വമുണ്ടാകരുത്
കാലമതൊട്ടു പെരുകിയാറെ
രണ്ടു വഴിപാടുമൊന്നായ് വാണു
ആലാഹാ തൻ കോപമന്നു തുടങ്ങി
അന്നു മുടിച്ചു താൻ വെള്ളത്താലെ
കാരണൻ ശാപമതേററവരും
ശേതിന്റെ മക്കളിൽ ശേഷിച്ചവർ
ലാമേക്കിൻ പുത്രനാം നോഹ മുതൽ
എട്ടാൽ പെരുകിയ മക്കളെല്ലാം
മണ്ഡലമൊക്കെ നിറഞ്ഞപാറെ.

(മൂന്നാം പാഠം)

ആദം മുതലായി മാനുഷരെല്ലാം
അടിമയതായ് നരകിൽ വസിപ്പാൻ
അടിമയൊഴിക്കുവാൻ ദൈവസുതൻ
കന്നിയുദരത്തിൽ വന്നുദിച്ചു
ബേതലഹേമിൽ പിറക്കപ്പെട്ടു
വേദന മാനുഷർക്കങ്ങൊഴിപ്പാൻ
കാലം കണക്കു തികഞ്ഞ നാളിൽ
മാനുഷർ കയ്യാലെ പാടുപെട്ട്
ആർത്തിയോടങ്ങു കുരിശേൽ മരിച്ച്
ആദത്തെ വീണ്ടങ്ങു താനുയർത്തു
സാക്ഷി പലവകയും വരുത്തി
ബാവാ വലത്തങ്ങിരുന്നരുളി
പട്ടാങ്ങയായ നസ്രാണികൾക്കു
ഇഷ്ടത്തോടങ്ങു വസിക്കുന്നതെല്ലാം
എങ്ങും വസിക്കുമിടത്തതെല്ലാം

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ആദരാൽ നാവിൽ വിളങ്ങീടേണം
ആലം ചമപ്പതിൻ മുമ്പു കാലം
ആദരാൽ ഭൂതലം അരൂപമായി
അക്കാലം മേഘം തീ മണ്ണുവെള്ളം
അഞ്ചോടൊന്നായ്ക്കലർന്നഴകാൽ
ആകാശം മൂടിക്കിടന്ന വെള്ളം
ആരാലും സീമ പറഞ്ഞുകൂടാ
ആദ്യന്തമില്ലാ ദിവസത്തിന്റെ
രാവെന്നപോലെ കഴിഞ്ഞു പാതി
ആലംഹാമൂലം വെളിപാടായി
ആലം ചമപ്പാൻ തുടങ്ങിടുന്നു.

(രണ്ടാം പാദം)

തമ്പുരാൻ തന്റെയരുളപ്പാടാൽ
താനെ ചമഞ്ഞുള്ള ലോകപ്രപഞ്ചം
ഒന്നാം ദിവസത്തിൽ കാണപ്പെട്ടു
ആകാശ മേൽത്തട്ടും ഭൂമിതാനും
മാലാഖാമാർ കൂട്ടം ഒൻപതുണ്ട്
മോക്ഷവാനത്തു വെളിവുണ്ടായി
മാലാഖാമാരിൽ വെളിവരുളി
മൂലം പിഴച്ചിട്ടു ചേതമായി
രണ്ടാംനാളാകാശത്തട്ടുകളെല്ലാം
റൂഹാ പൊരുന്നിപ്പാൻ വേർതിരിച്ചു
ശേഷിച്ച വെള്ളക്കലശൽകൊണ്ട്
ചേർച്ചയാൽ വേറുതിരിച്ചുവച്ചു
ഭൂമിയെ മൂടിക്കിടന്ന വെള്ളം
പ്രത്യക്ഷമാംവണ്ണം നീക്കി നിറുത്തി
മൂന്നാംദിവസം പുല്ലു വൃക്ഷാദികൾ
മായവൻ ചൊൽകൊണ്ടു ഭൂമി ചമച്ചു
നാലാം ദിവസത്തിൽ അർക്കചന്ദ്രൻ
നക്ഷത്ര രാശികൾ ശിക്ഷയായി
അഞ്ചാംദിവസം കടലിനോടും
ആനന്ദവിനാദി പറവ ഉരഗ്ഗം
ആകെ നീ താൻ ചമയ്ക്കയെന്നു
ഏകീയപോലെ ചമയപ്പെട്ടു.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# പുന്നത്തുറപള്ളിയുടെ പുതിയ പാട്ട്. *

തമ്പുരാൻ തന്റെയരുളപ്പാടാൽ
അംബരാഭൂതലമോട് സർവം
സൃഷ്ടിച്ചടയവൻ സ്ഥാപിച്ചിട്ട്
ഇഷ്ടരാം മർത്യരെ തൃക്കയ്യാലെ
താതനുമൂന്നാമതുത്ഭവിച്ച
ശേതില്ലടയവൻ കാരുണ്യത്താൽ
ഏനോസവനിൽനിന്നുത്ഭവിച്ചു
അനന്തരം കൈനാനവനു ജാതൻ
കൈനാനു സന്തതി മഹലാലയേൽ
പൈതലാംയാറെദുണ്ടായവന്ന്
സത്യവാൻ ഹനോക്കവന്നു പുത്രൻ
മൃത്യുരസിക്കാതെ മോക്ഷപ്രാപ്തൻ
ഹാനോക്കിൽ സൂനുവാം മത്തുശ്ലേഹ്
ജനനമായ് ലേമ്മാക്കിവനിൽ നിന്ന്
കർത്താവിനിഷ്ടനാം നോഹിവന്റെ
പുത്രനായുത്തമൻ ജനനമന്ന്
പ്രായമൊരഞ്ഞൂറു ചെന്നശേഷം
ദൈവത്താൽ രക്ഷിച്ച സന്തതികൾ
ശേമെംരന്നാരുവന്റെ ഭ്രാതാക്കന്മാരാം
ഹാം യാപ്പേത്തിങ്ങനെ മൂവരുമായി
അന്നുള്ള മാനുഷരേറെനാളെ
നന്നായി വാണിവർക്കുണ്ടായി മക്കൾ
വർദ്ധിച്ച ലോകം നിറഞ്ഞിവരാൽ
സത്യമഴിച്ച വഷളായ് ഭൂമി
ശിക്ഷിച്ച ലോകത്തെ വെള്ളംകൊണ്ട്
രക്ഷിച്ച നോഹോട് സന്തതികൾ.

(രണ്ടാം പാദം)

യാനപാത്രമതിൽനിന്നു നോഹും മക്കളും ചതുനാരിമാർ
യാനമായി നരസിംഹാദികൾ പക്ഷിനാക്കാലി ഊർവകൾ
വർദ്ധിച്ചിവയെല്ലാം ഭൂതലെ പെരുകുവാൻ ദൈവം കല്പിച്ച

---

* കോട്ടയം തകടിയേൽ ഇട്ടിയവിരാ എന്ന പ്രസിദ്ധ കവിയാൽ ഉണ്ടാക്കപ്പെട്ടത്.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ദുഷ്ടതയാൽ നിഗ്രഹം ചെയ്തു നിമിത്തം കർത്താവു്
ഇഷ്ടക്കേടാൽ കായേനേശ്ശപിച്ചു താൻ ഭൂതലത്തുങ്കൽ
ആദം തന്റെ സാദൃശനായ് മൂന്നാമതുത്ഭവിച്ചൊരു
സുതനു ശേതെന്നുള്ളൊരു നാമം വിളിച്ചശേഷത്തിൽ
അവനിൽനിന്നു സന്തതി പൂർവപിതാക്കന്മാരല്ലൊ
അവനിതന്നിൽ പലവിധം മാനുഷർ പെരുകി തിന്മയും
അതിനാലീശൻ ഭൂമിയെ ശിക്ഷിച്ചു ജലമതിനാലെ
താതനായ നോഹും തൻ ഭവനവും രക്ഷിച്ചരുളാലെ
അനുകൂലമായ് ശേമിന്റെ സന്തതി വാഴ്ത്തി തമ്പുരാൻ
ജനകനായൊരബ്രാഹം തന്നെയനുഗ്രഹിച്ചേററം
വിശ്വാസത്തെ തൃക്കൺപാർത്തവനുടെ സന്തതിയാലെ
വിശ്വമതിൽ സകലരും വാഴ്ത്തുമെന്നരുളിച്ചെയ്തപോൽ
ഇസഹാക്കു തൻ സുതനായ യാക്കോബിൻ മക്കൾ പന്ത്രണ്ടു്
ഇസറായേൽതൻ വഴിപാടിതെത്രയും പെരുകി ഭൂമിയിൽ
യൂദാ തന്റെ വംശത്തിൽ പുണ്യവാൻ ദാവീതുണ്ടായി
അധിപതിയാമവനോടും ചെയ്തോരുടമ്പടിപോലെ
ജന്മമതിൽനിന്നീശൻ ഭൂമിയിൽ ജാതംചെയ്‌വാനായ്
ബ്രഹ്മചാരി മാർയൗസേപ്പുത്ഭവം യാക്കോബിൽനിന്നു്
അമലോത്ഭവ കന്യകമറിയവും അന്നാസുതയായി
നിർമ്മലമാം കന്യകയ്ക്കുത്തമ ഭർത്താവൌസേപ്പും
നാരീസൂനു ഫണശീർഷം ചതയ്ക്കുമെന്നരുളിച്ചെയ്തപോൽ
നരതാതനോടരുൾപോലെ കാലം നിവൃത്തിയായനാൾ
പരിശുദ്ധ റൂഹായാലെ കന്നിതൻ ശുദ്ധതയായ
ചോരയാലെ നിർമ്മിച്ച ദേഹത്തിൽ ദൃഢതയായ
ദേഹിപൂകിച്ചായതെടുത്തിതു പുത്രൻ തമ്പുരാൻ
ജനകനോടും റൂഹായോടുംകൂടെ വന്ദിച്ചീടുന്ന
തനയനിന്നു കന്യകമാതാവിൽ നിന്നു ജാതമായ്
രക്ഷിതാവെന്നർത്ഥമാം ഈശോയെന്നുള്ള തിരുനാമം
ഇക്ഷിതിയിൽ തിരുരക്തം ചിന്തുവാൻ വർഗീസേററന്നു്
പൂർവകാലേ നിവ്യന്മാർ ചൊല്ലിയതൊക്കെത്തികവാക്കി
ഉർവിതന്നിൽ സത്യമാം വേദം പ്രകാശിപ്പിക്കുന്നു.
മാമ്മോദീസാ കല്പിച്ചറിയിച്ചു സത്യമാർഗ്ഗങ്ങൾ

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ആയതിനെ കേട്ട സാത്താൻ നാഗത്തിനകത്തുപുക്ക
ന്നിതെന്നവർകളെ പറഞ്ഞു പിഴപ്പിച്ചൊ–
    രസുരകലമിതെന്നു്

എന്നശേഷം കന്നിയുമ്മാ പിറന്നു ഭൂവിടത്തുങ്കൽ
വളൎന്നു ദിവ്യതയും ഭക്തിയും മുഴുത്തിട്ടു്
    മാലാഖാ വചനിച്ചെന്നു്

ആലാഹാതൻ വചനത്താൽ ജനിച്ചുടൻ മിശിഹായും
പിറന്നു ബേതലയിൽ തിരിഞ്ഞു കുമ്മിട്ടുമ്മാ.
    എടുത്തു മുലകൊടുത്തു

ഗബ്രിയേൽ വന്നറിയിച്ചു ഉണ്ണിയിൽ പകയുണ്ടെന്നു്
യൌസേപ്പും മറിയവും ഉണ്ണിയും കൂടെപ്പോയി
    മെസറേൻ പുകിന്തശേഷം

മിശിഹാതൻ ശിഷ്യരോടു ശാസ്ത്രങ്ങളെ പ്രസംഗിച്ചു
കള്ളനായ് മിശിഹായെ വിളിച്ചു യൂദന്മാരും
    തറച്ചു കരിശതിന്മേൽ

മരിച്ചു മൂന്നാകുംദിനം ഉയിർത്തുടൻ മിശിഹായും
ആദമെന്നവൻ തന്റെ പിഴകൾ പൊറുത്തോരു
    മിശിഹാ ശരണമെന്നു്.

## യൌനാൻ നിവ്യായുടെ ചിന്തു്

അമ്പിനോടെ ബാവാ താനരുൾചെയ്തു യൌനാനോടു്
വമ്പേറും യവുനാനേ പോകണം വൈകിടാതെ
    നിനവയെന്ന രാജ്യത്തിൽ

ഉണ്ടവിടെ പലജനം ഒരുവനെന്നറിവില്ല
കടുകപ്പിഴപ്പെട്ടും മുമ്പേ ചെന്നവരോടു്
    മാർഗ്ഗം നീ അറിയിക്കെന്നു്

അല്ലയെങ്കിലിവർകളെ അഗ്നിയാൽ ഞാനൊടുക്കുവേൻ
പോവതിനനുജ്ഞയും കൊടുത്തു ബാവാതാനും
    യവുനാൻ തന്നെയുമന്നു്

പോവാനായിട്ടവൻതാനും പുറപ്പെട്ട നേരത്തുങ്കൽ
വിരവിൽ മരക്കലമോടുന്ന നേരം കണ്ടു്
    കരേറി കപ്പലിലന്നു്

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ഉത്തമൻ മിശിഹാടെ ചട്ടം സത്യമാം കുദാശയേഴും
ചട്ടവട്ടത്തിൽ വേദപ്രസംഗം ചെയ്തീടുമ്പോൾ
പിടിച്ചു യൂദർ കയ്യാലെ
ബന്ധനം ചെയ്യുന്ന നേരം ചിന്തിവീഴും കണ്ണുനീരു്
വിണ്ണിലോട്ടുടൻ നോക്കി കണ്ണുനീർ പൊഴിക്കുമ്പോൾ
കണ്ടുടൻ മിശിഹാ തന്നെ
കല്ലിനേക്കാളുറപ്പുള്ളോർ കല്ലുകൊണ്ടങ്ങെറിയുമ്പോൾ
തടുത്തു തുവാലകൊണ്ടെത്രഞ്ഞങ്ങവരോടു്
മരിച്ചു കരുണയാലെ
ലോകരക്ഷകനായവൻ താനാമയം കണ്ടതുനേരം
വിരവിലെസ്തപ്പാനെ വിളിച്ചൊന്നരുൾ ചെയ്തു
ശിഷ്യരിൽ ഭക്തൻ നീയെന്നു്
ഇങ്ങനെ സകലേശനരുളാൽ മംഗലം പൂരിവാണു സഹദാ
ദൈവമാതാവിനെയും തന്റെ പുത്രനേയും
കൊണ്ടാടി സ്തുതിക്കും കാലം
ഒന്മയേറും ഉളവൂരിൽ നന്മവരുത്തീടുവാനായു്
ഒത്തു ക്രിസ്ത്യാനിജനം ഉപവ്യാലിണങ്ങരും
കൈക്കമ്മളെ കണ്ടുപറഞ്ഞു
അമ്പിനോടെ ചീട്ടെഴുത്തു കാര്യം താനുമുരചെയ്തു
പശ്ചിമദിക്കിൽ നിലം പുകൾ പെരുകും ഭൂമി_
യുണ്ടെന്നു കാര്യം കല്പിച്ചു
അട്ടിപ്പേറെന്നെഴുതിച്ചു പൊൻകൊടുത്തു നിലംവാങ്ങി
ഉടനെ തച്ചന്മാരെ വരുത്തി സ്ഥാനം കണ്ടു
തറയുമടിച്ചഴകാൽ
ചിക്കനെ മരമറുത്തു പള്ളിപണി ചെയ്‌വതിന്നു്
മാറെസ്തപ്പാനോസിന്റെ പള്ളിയെന്നുറച്ചുടൻ
കല്ലുമിട്ടടിസ്ഥാനവും
ഹിതത്തോടെ പണി ചെയ്തു വിരവിൽ വെള്ളയും പൂശി
മർത്തമറിയത്തുമ്മാ മിശിഹാ ശരണമെ-
ന്നുറച്ചു കുരിശുംവെച്ചു
ഉപവിയാലെ പൂജചെയ്‌വാനുടൻ കമ്മൻ കത്തനാരും
അഴകാൽ പെരുനാളും ഘോഷിച്ചങ്ങിണങ്ങരും
സ്തുതിച്ചു മാറെസ്തപ്പാനെ.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ഇങ്ങനെ മാർഗ്ഗമറിയിച്ചതിൻശേഷം
തീർത്ഥകരിശിതു കൊല്ലം,
നിരണവും, കോക്കമംഗലം, കൊട്ടക്കായൽ
മലമ്പ്രദേശമായ ചായൽ
പാലൂരും പിന്നെ രാജാവിന്നിരിപ്പിടം
കൊടുങ്ങല്ലൂരന്നിവയേഴും
കർത്താവിൻനാമത്തെ കേൾപ്പാടെതോമ്മായും
ഉത്സാഹാലറിയിച്ചീടുമ്പോൾ
അക്കാലം ചോഴൻ കുടികളുടിയാരും
പേപിടിച്ചനുവഴിക്ക്
ആകെയോരിമ്പിട്ട കുററങ്ങളധികമായ്
തോമ്മായെക്കൊണ്ടവർ ചൊല്ലി
അറിയിച്ചറിഞ്ഞതിൽ കോപിച്ച ചോഴനും
ആളയച്ചെങ്ങുടനെ നീളെ
ആയതറിഞ്ഞവനൊന്നിലുമഞ്ചാതെ
നേരെ പുറപ്പെട്ടു തോമ്മാ
കണ്ടു പറഞ്ഞവർകൊണ്ടു പുറപ്പെട്ടു
ചോഴനരികത്തണഞ്ഞു
കാര്യ്യവഴിക്കല്ലൽ തീണ്ടാതെ പോലുള്ള
വാക്കുകൾ ചോഴൻ പറഞ്ഞു
കാലം പെരികെച്ചെന്നെത്തി കനകവും
കല്ലും മരങ്ങൾക്കും വേണ്ടി
കണ്ടില്ലടിസ്ഥാനം പോലുമതിന്നൊരു
രൂപം തിരിഞ്ഞതുമില്ല
കല്ലും മരങ്ങളും കണ്ടു മുഷിഞ്ഞിതെ
കുന്നും മലകളും പോലെ
കാണും ജനങ്ങളും ദോഷിച്ചു ചൊല്ലുന്നു
ചോഴന്റെ കോവിലിതെന്നു്
കണ്ടുമരിപ്പതിന്നാശയിനിക്കുണ്ടു്
കോവിലുതീരുംപടിയെ
കാരുണ്യമെന്നിൽ നിനക്കുണ്ടെന്നാലിപ്പോൾ
താമസിയാതിതു ചെയ്ക

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

രെയും തൽസമയംതന്നെ തക്കസ്ഥാനത്തിരുത്തി അവർക്കും സദ്യനൽകേണ്ടതാണു്. തങ്ങളുടെ ബന്ധുക്കളെ മാന്യമായി ഇരുത്തിയശേഷം പന്തലിൽ പിന്നീടു സ്ഥലമുള്ളപക്ഷം കല്യാണവീട്ടുകാരുടെ അതിഥികളെ അവരോടുകൂടി ഇരുത്തുന്നതിനു വിരോധമില്ലാതാകുന്നു.

### സംഭാവനചെയ്ക

കല്യാണക്കാരുടെ സംബന്ധക്കാരായും മററുമുള്ളവർ കല്യാണം കഴിയുമ്പോൾ മണവാളന്റെ ബന്ധുക്കൾ മണവാളനും, മണവാട്ടിയുടെ ബന്ധുക്കൾ മണവാട്ടിക്കും ഓരോ സംഖ്യ സംഭാവനയായിട്ടോ പലിശയില്ലാക്കടമായിട്ടോ കൊടുക്കുക ഒരു പഴയ മുറയാണു്. എന്നാൽനാലുദിവസത്തെ കല്യാണം നടപ്പില്ലാത്ത ഇക്കാലത്തു് ഇതിന്റെ ആവശ്യം കാണുന്നില്ല. പഴയകാലത്തു് ഈ ചടങ്ങു നിർവ്വഹിക്കുന്നതു കല്യാണത്തിന്റെ അവസാനദിവസം വ്യാഴാഴ്ച വിളക്കത്തൊടീൽ കഴിഞ്ഞു എല്ലാവരും പിരിഞ്ഞുപോകുന്ന സമയത്തായിരുന്നു. എന്നാൽ ഇപ്പോൾ ഈ സംഭാവന വാങ്ങിക്കുവാൻ വിചാരിക്കുന്നവർ കല്യാണദിവസം സദ്യകഴിഞ്ഞു് എല്ലാവരും പിരിയുന്നതിനു മുൻപായിട്ടാണു് വാങ്ങിക്കുന്നതു്. ഇതിനു 'കൈനീട്ടമെന്നും' 'പൊലിവെന്നും' പേർപറയപ്പെടുന്നു. നടപടി ഇങ്ങനെയൊക്കെയാണെങ്കിലും ഈ ഒരു ദിവസത്തെ കല്യാണത്തിനുവേണ്ടി ആത്മാഭിമാനമുള്ളവർ ആരുംതന്നെ ഇപ്പോൾ ഈ പലിശയില്ലാക്കടം വാങ്ങിക്കാൻ മുതിരുന്നവരായികാണപ്പെടുന്നില്ല. നിവൃത്തിയുള്ളവർ ഈ കടത്തിനു തങ്ങളെ അടിമപ്പെടുത്താതിരിക്കയാണുത്തമം. എന്നാൽ ഇവിടെയൊന്നു പ്രത്യേകം പറയാനുണ്ടു്. കല്യാണവീട്ടുകാർ നിർദ്ധനരും ഈഅവസരത്തിൽ പലർകൂടി ചെയ്യുന്ന സംഭാവന അവർക്കു് ഒരു വലിയ സഹായവുമാണെന്നും ബോദ്ധ്യമുള്ളപക്ഷം നന്മനസ്സുള്ള ബന്ധുക്കളും സ്നേഹിതന്മാരും മററും ചെന്നു സദ്യക്കുശേഷം രൊക്കം പിരിവായ ഒരു ധനശേഖരം നടത്തി ആയതു കല്യാണവീട്ടുകാർക്കു സംഭാവന ചെയ്യുന്നതായാൽ ആയതു് ഉപവിക്കടുത്ത ഒരു പ്രവൃത്തിയായിരിക്കും. കൊടുക്കുന്ന സംഖ്യ തിരിച്ചുകിട്ടുമെന്നോ കിട്ടണമെന്നോ ആരും ആഗ്രഹിക്കയുമരുതു്. ഏതായാലുംപഴയകാലത്തു പൊലിവു നടത്തുന്ന ക്രമം ഇവിടെ വിവരിക്കാം. അവസാന ദിവസം വ്യാഴാഴ്ച വിളക്കത്തൊടീൽ കഴിഞ്ഞയുടനെ ദമ്പതിമാരെ അന്നേരത്തെ വിവാഹവേഷത്തോടെ—ഉടുപ്പു് ഏറവുകൾ മുതലായവ ഇട്ടപടി—വെവ്വേറെ സ്ഥലങ്ങളിൽ ഇരുത്തിയശേഷം ആദ്യം തങ്ങളുടെ അമ്മാച്ചന്മാരും പിറകെ മററു ബന്ധുക്കളും താണതു 8 പണത്തിൽ കുറയാതെ മേലോട്ടു് ഓരോരുത്തരുടെയും ശേഷിയനുസരിച്ചു ഓരോ സംഖ്യകൾ ആൺകൂട്ടക്കാർ മണവാളന്റെയും പെൺകൂട്ടക്കാർ മണവാട്ടിയുടെയും കയ്യിൽ കൊടുക്കയും ആയതു് ഓരോ തളികയിൽ ശേഖരിച്ചു കണക്കെഴുതിക്കൂട്ടി അവരവരുടെ മൊത്തത്തുക പരസ്യമായി പ്രസ്താവിച്ച ശേഷം പണവും കണക്കും മണവാളന്റെയും മണവാട്ടിയുടെയും അപ്പന്മാരെ ഏല്പിക്കയും ചെയ്യുന്നു. ഇതോടുകൂടി പൊലിവുചടങ്ങും അവസാനിക്കുന്നു.

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

marggam
Digital Library of Christianity in India

www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org



Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org